ചുണ്ടിക്കാണിക്കാറുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽനിന്നും മുഴുവൻ ഫണ്ടും വാങ്ങിച്ചെടുക്കാനുള്ള നടപടികളും, വകപ്പുതലവന്മാർക്ക് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കാരുണ്യ ഫാർമസി

30 (737) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരടക്കമുള്ള കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്ടും കാസർഗോഡും കാരുണ്യ ഫാർമസിക്കായി കെട്ടിടം ഒരുക്കിയിട്ടും ഇതുവരെ ആയതു തുടങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 24 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി&സി) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും, കാസർഗോഡ് ജനറൽ ആശുപത്രിയിലും കാരുണ്യ ഫാർമസികളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ചികിത്സാ പിഴവുമൂലം മരിച്ചവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിച്ചവർക്കുമുള്ള ധനസഹായം

31 (738) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപ ടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഓരോ വർഷവും ചികിത്സാപ്പിഴവുമൂലം മരണമടഞ്ഞവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും വെവ്വേറെ കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly